LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്താൻ നടപടി

122 [492] ശ്രീ. സാജു പോൾ:
" മത്തായി ചാക്കോ:
" എം. വി. ജയരാജൻ:
" എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സാങ്കേതിക-സാമ്പത്തിക-സാമൂഹ്യ പ്രാധാന്യം കണക്കിലെടുത്ത് അവ ശക്തിപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള യു.ഡി.എഫ്. സർക്കാർ നിയോഗിച്ച ആർ.സി. ചൗധരി കമ്മിറ്റിയുടെ ശുപാർശകൾക്ക് പ്രസക്തി നഷ്ടപ്പെടുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ സഹായം നൽകേണ്ട തില്ലെന്ന ആന്റണി സർക്കാരിന്റെ സമീപനത്തിൽ മാറ്റം വരുത്താൻ സർക്കാർ തയ്യാറാകുമോ;

(ഡി) എങ്കിൽ എല്ലാ സ്ഥാപനങ്ങളെയും പൊതുമേഖലയിൽ നിലനിർത്താനും ശക്തിപ്പെടുത്താനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇതിനോടകം തന്നെ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇ.ആർ.സി. ശുപാർശകൾക്ക് ബദലായി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനായി മറ്റൊരു സമീപനത്തിന് രൂപം നൽകുന്നതിനായി സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) മേൽപ്പറഞ്ഞ മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശകൾ പ്രകാരമായിരിക്കും ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നത്.

പുതിയ അംഗൻവാടികൾ

123 [493] ശ്രീ. റോഷി അഗസ്റ്റിൻ:
" കെ. നാരായണക്കുറുപ്പ്:
" തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര അംഗൻവാടികൾ അനുവദിച്ചു.;

(ബി) പുതുതായി അംഗൻവാടികൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാരിനു അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;